**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2070 — 01.02.2018 ൽ മറുപടിക്ക്

## എല്ലാ പഞ്ചായത്തിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളും സ്കീമുകളും എന്തൊക്കെയാണ്; അവയുടെ പ്രാഥമിക ധർമങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ; | (എ) | പ്രാഥമികാരോഗ്യ പരിചരണം, രോഗ പ്രതിരോധം, വിവിധ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികളുടെ നടത്തിപ്പിന് രൂപം നൽകുക, ഒ.പി.സേവനങ്ങൾ, ഒബ്സർവേഷൻ ബെഡ് സൗകര്യങ്ങൾ, മാതൃശിശു ആരോഗ്യ പരിചരണം, പകർച്ചവ്യാധി നിയന്ത്രണം, കേരളത്തിലെ മാറിയ സാഹചര്യങ്ങളിൽ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം എന്നിവയാണ് പ്രൈമറി ഹെൽത്ത് സെന്റർ വഴി നടപ്പിലാക്കി വരുന്നത്. |
| (ബി) | എല്ലാ പഞ്ചായത്തിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമോ, സി.എച്ച്.സി.യോ, താലൂക്ക് ആശുപത്രിയോ ഉണ്ടായിരിക്കണമെന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളനയം. |
| (സി) | പി എച്ച് സി ആയി പ്രവർത്തിച്ച് വന്നിരുന്ന ആശുപത്രികൾ ഫാമിലി ഹെൽത്ത് സെന്ററുകളായും താലൂക്ക് ആശുപത്രികളായും ജനറൽ ആശുപത്രികളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഇവയെ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകൾ രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ടോയിലറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രൈനേജുകൾ എന്നിവയ്ക്കായി 23 (ഇരുപത്തി മൂന്ന്) കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം വഴി അംഗീകൃത ഏജൻസികളെകൊണ്ട് |
| (ഡി) | പ്രസ്തുത പി എച്ച് സി കൾ വഴി നടത്തിവന്നിരുന്ന പദ്ധതികളും സ്കീമുകളും ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത്; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | അത്തരം പി എച്ച് സി കൾക്ക് പകരം സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ഇ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നടത്തിവന്നിരുന്ന എല്ലാ സ്കീമുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഭാഗമായി തുടരുന്നതിനാൽ ഇതിനു പകരം പുതിയ സെന്ററുകൾ സ്ഥാപിക്കേണ്ടതായി വരുന്നില്ല. |

സെക്ഷൻ ഓഫീസർ